## സമഗ്ര ശിക്ഷാ, കേരളം

## വാർഷിക മൂല്യനിർണയം 2021-22

ക്ലാസ് : 5 | സമയം: 2 മണിക്കൂർ


### നിർദേശങ്ങൾ

1. മൂല്യ നിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് 15 മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ഉള്ളതാണ്.
2. തന്നിരിക്കുന്ന 8 മൂല്യ നിർണയ പ്രവർത്തനങ്ങളിൽ നിന്ന് ഏതെങ്കിലും 5 എണ്ണത്തിന് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1- തിരികെ സ്കൂളിലേക്ക്**

ഏറെക്കാലത്തെ ഇടവേളക്ക് ശേഷം നവംബർ 1 ന് അമ്മുവും ആയിഷയും സ്കൂളിൽ എത്തി. അവർ ക്ലാസ്സിൽ അലങ്കരിച്ച ബലൂണുകളിൽ എഴുതിയ അക്കങ്ങൾ നോക്കുകയാണ്. ഈ അക്കങ്ങൾ ആവർത്തിക്കാതെ ഇരുവരും ഏറ്റവും വലിയ ആറക്ക സംഖ്യയും ഏറ്റവും ചെറിയ ആറക്ക സംഖ്യയും ഉണ്ടാക്കി.



എ). കണ്ടെത്തിയ ഏറ്റവും വലിയ ആറക്ക സംഖ്യ എഴുതുക

ബി). കണ്ടെത്തിയ ഏറ്റവും ചെറിയ ആറക്ക സംഖ്യ എഴുതുക

സി). ഈ സംഖ്യകളുടെ തുകയും വ്യത്യാസവും കണ്ടെത്തുക

ഡി). നിങ്ങൾ കണ്ടെത്തിയ ഏറ്റവും വലിയ സംഖ്യയെ അക്ഷരത്തിലെഴുതുക

### - വാക്സിൻ വിതരണം

...ത്തിലെ 4 ജില്ലകളിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു ദിവസം അനുവദിച്ച കോവിഡ് വാക്സിനുകളുടെ എണ്ണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

എ) പട്ടിക പൂർത്തിയാക്കുക.

| ജില്ല | അനുവദിച്ച ആകെ വാക്സിനുകളുടെ എണ്ണം | വാക്സിൻ അനുവദിച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം | ഓരോ ആരോഗ്യ കേന്ദ്രത്തിനും ലഭിച്ച വാക്സിനുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 10550 | 50 | 211 |
| കണ്ണൂർ | 7425 | 33 | ........................ |
| മലപ്പുറം | 16250 | 65 | ........................ |
| കാസർഗോഡ് | ........................ | 27 | 275 |

ബി). തിരുവനന്തപുരം , മലപ്പുറം ജില്ലകൾക്ക് ആകെ അനുവദിച്ച വാക്സിനുകളുടെ എണ്ണമെത്ര ?

സി). ഏറ്റവും കൂടുതൽ വാക്സിൻ ലഭിച്ച ജില്ല ഏതെന്ന് കണ്ടെത്തുക .

### ൬ - വൃത്തത്തിലെ രൂപങ്ങൾ


... ൬ സെ. മീ വ്യാസമുള്ള വൃത്തം വരയ്ക്കുക .

ബി). വരച്ച വൃത്തത്തിൽ മട്ടം ഉപയോഗിച്ച് തുല്യ അകലത്തിലായി 6 ബിന്ദുക്കൾ അടയാളപ്പെടുത്തുക

സി). അടുത്തടുത്ത ബിന്ദുക്കൾ യോജിപ്പിച്ച് വരയ്ക്കുക. ലഭിക്കുന്ന രൂപത്തിന്റെ പേരെഴുതുക.

### പ്രവർത്തനം 4- പച്ചക്കറിത്തോട്ടം

റഹീം തന്റെ വീട്ടുപറമ്പിൽ പയറും വെള്ളരിയും കൃഷി നടത്തുന്നതിനായി സ്ഥലം വേലികെട്ടി തിരിച്ചിരിക്കുന്നു.




എ). വെള്ളരിക്കൃഷി നടത്തുന്ന സ്ഥലത്തിന്റെ പരപ്പളവെത്ര?

ബി). പയർ കൃഷി നടത്തുന്ന സ്ഥലത്തിന്റെ നീളം എത്ര?

സി). ആകെ കൃഷി സ്ഥലത്തിന്റെ പരപ്പളവും ചുറ്റളവും കണ്ടെത്തുക ?

### ാ-ചിത്രഗണിതം

2019 ൽ ഒരു കമ്പനി വിറ്റഴിച്ച വിവിധതരം വാഹനങ്ങളുടെ എണ്ണമാണ് താഴെ കൊടുത്തിരിക്കുന്നത്.

○ = 100 എണ്ണം △ = 50 എണ്ണം

| വാഹനത്തിന്റെ പേര് | വിറ്റഴിച്ച വാഹനങ്ങളുടെ ആകെ എണ്ണം |
|---|---|
| ലോറി | ○ ○ ○ △ △ |
| കാർ | ○ ○ ○ ○ ○ △ △ △ |
| ജീപ്പ് | ○ ○ ○ ○ ○ △ △ △ △ |
| ഓട്ടോറിക്ഷ | ○ ○ ○ ○ ○ ○ ○ △ △ △ △ |
| മിനി വാൻ | ○ ○ ○ ○ ○ ○ △ △ |

എ). പട്ടിക പൂർത്തിയാക്കുക.


| വാഹനത്തിന്റെ പേര് | ലോറി | കാർ | ജീപ്പ് | ഓട്ടോറിക്ഷ | മിനിവാൻ |
|---|---|---|---|---|---|
| എണ്ണം | 400 | ................ | ................ | ................ | ................ |

ബി). തുല്യഎണ്ണം വിൽപന നടത്തിയ വാഹനങ്ങൾ ഏതെല്ലാം ?


സി). ആകെ എത്ര വാഹനങ്ങളാണ് കമ്പനി വിറ്റഴിച്ചത് ?


**പ്രവർത്തനം 6- സംഖ്യയും ഘടകവും**

**പൂവിൽ 48 എന്ന സംഖ്യയുടെ അഭാജ്യ ഘടകങ്ങൾ എഴുതിയത് നോക്കൂ..**




എ). ഇത് പോലെ മറ്റ് പൂക്കളിലെ ഒളിഞ്ഞിരിക്കുന്ന സംഖ്യകളെ കണ്ടെത്തൂ..




exam WiNNER®

ബി). 18,30 എന്നീ സംഖ്യകളുടെ ഘടകങ്ങൾ എഴുതുക.

സി). 18,30 എന്നീ സംഖ്യകളുടെ പൊതുഘടകങ്ങളിൽ ഏറ്റവും വലുത് ഏത്?


### പ്രവർത്തനം 7 - ഭിന്നശലഭങ്ങൾ

എ). വൃത്തത്തിൽ ഷെയ്ഡ് ചെയ്ത ഭാഗത്തെ സൂചിപ്പിക്കുന്ന ഭിന്നസംഖ്യ ഏത്




ബി). കൂട്ടുകാരെ കണ്ടെത്തി എഴുതുക

i) ii) iii) iv)



പ്രവർത്തനം 8 - അളക്കാം വരയ്ക്കാം




എ). തന്നിരിക്കുന്ന ചിത്രത്തിൽ എത്ര കോണുകളുണ്ട് ?

(i) 4 (ii) 5 (iii) 8 (iv) 9

ബി). ഏതെങ്കിലും 2 കോണുകളുടെ പേരെഴുതുക?

സി) തന്നിരിക്കുന്ന അളവിൽ സ്കെയിലും, മട്ടവും ഉപയോഗിച്ച് മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം വരയ്ക്കുക.